**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4329 24.10.2016 – ൽ മറുപടിയ്ക്ക്

## ഫൌണ്ടിലിങ് ഹോമുകളുടെ പ്രവർത്തനങ്ങൾ

ചോദ്യം
ശ്രീ.എം.എം. മണി

ഉത്തരം
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഫൌണ്ടിലിങ് ഹോമുകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് മാർഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | ഉണ്ട്. കേന്ദ്ര സർക്കാരിന്റെ വനിതാ ശിശു വികസന മന്ത്രാലയം 17.07.2015 ലെ SO 1945(E) നമ്പർ വിജ്ഞാപനത്തിലൂടെ 2015 ലെ ദത്തെടുക്കൽ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | മാതാപിതാക്കളാൽ ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ? | (ബി) | പ്രസ്തുത ഗൈഡ് ലൈനിലെ ഖണ്ഡിക 24 പ്രകാരം ദത്തെടുക്കൽ കേന്ദ്രങ്ങൾക്ക് (Specialized Adoption Agency) ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ഇവയാണ്:-<br>1. സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയായി അംഗീകാരത്തിന് അപേക്ഷിക്കാൻ ആഗ്രഹിയ്ക്കുന്ന ചൈൽഡ് കെയർ സ്ഥാപനങ്ങൾ 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, ഇൻഡ്യൻ ട്രസ്റ്റ് ആക്ട് 1882, ഇത് സംബന്ധിച്ച് നിലവിലുള്ള മറ്റ് നിയമം എന്നിവയിൽ ഏതെങ്കിലും പ്രകാരം രജിസ്റ്റർ ചെയ്തിരിയ്ക്കണം.<br>2. ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് 2015 പ്രകാരം ചൈൽഡ് കെയർ സ്ഥാപനമായി രജിസ്റ്റർ ചെയ്തിരിക്കണം.<br>3. ഭൂരിപക്ഷം അംഗങ്ങളും ഭാരതീയരായ മാനേജിംഗ് കമ്മിറ്റിയോ എക്സിക്യൂട്ടീവ് കമ്മിറ്റിയോ നിലവിലുണ്ടായിരിക്കണം.<br>4. അനാഥരും, ഉപേക്ഷിയ്ക്കപ്പെട്ടവരും, പരിത്യജിക്കപ്പെട്ടവരുമായ കുട്ടികളെ സ്വീകരിയ്ക്കുകയും ദത്ത് നൽകാൻ തയ്യാറുള്ളവരുമായിരിക്കണം.<br>5. CARINGS എന്ന ദത്തെടുക്കൽ സംബന്ധിച്ച് വെബ്സൈറ്റിൽ ആവശ്യമായ വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിന് ആവശ്യമായ |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ ഉണ്ടായിരിയ്ക്കുകയും പ്രസ്തുത വെബ്സൈറ്റിൽ ക്രമമായി ഡാറ്റാ അപ് ലോഡ് ചെയ്യാൻ തയ്യാറായിരിയ്ക്കണം.<br>6. പ്രൊഫഷണൽ ആയ ചൈൽഡ് കെയർ സ്റ്റാഫ് സ്ഥാപനത്തിൽ ഉണ്ടായിരിക്കണം. |

**സെക്ഷൻ ഓഫീസർ**